(1)	(2)
കോട്ടയം	4
ഇടുക്കി	60
എറണാകുളം	4
തൃശ്ശൂർ	78
പാലക്കാട്	49
മലപ്പുറം	Nil
കോഴിക്കോട്	31
വയനാട്	381
കണ്ണൂർ	106
കാസർഗോഡ്	80

(സി) പ്രസ്തുത കാലയളവിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായമായി നൽകിയിട്ടുണ്ട്.

(ഡി) 2006 മേയ് മുതൽ നാളിതുവരെ 186 കർഷക ആത്മഹത്യകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാട്ടാമ്പള്ളി പദ്ധതി മേഖലയിൽ കാർഷിക വികസനത്തിന് നടപ്പിലാക്കിയ പദ്ധതികൾ

232 (1202) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാമ്പള്ളി പദ്ധതിമേഖലയിൽ ഈ ഗവൺമെന്റ് വന്നതിനു ശേഷം കാർഷികവികസനത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ ഫലമായി ഉല്പാദനത്തിൽ വന്നിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വർഷം കാട്ടാമ്പള്ളി മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY, KERALA LEGISLATIVE ASSEMBLY

ഉത്തരം

(എ) 43 വർഷങ്ങളായി തരിശായി കിടന്നിരുന്ന കാട്ടാമ്പള്ളി പദ്ധതി പ്രദേശത്തെ കൈപ്പാട് നെൽ വയലുകൾ കൃഷി യോഗ്യമാക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി: 2009-10 സാമ്പത്തിക വർഷം പദ്ധതി പ്രദേശത്തെ 9 പഞ്ചായത്തുകളിലായി 201 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വിജയകരമായി നടപ്പിലാക്കി. 2010-11 രണ്ടാംഘട്ടം 400 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു. പദ്ധതി പ്രദേശത്തെ കൈപ്പാട് നെൽവയലുകളുമായി ബന്ധപ്പെട്ട തോടുകളുടെ ആഴവും വീതിയും കൂട്ടൽ, ബണ്ട് നിർമ്മാണം, വി.സി.ബി./സ്ലൂയിസ് നിർമ്മാണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും നെൽവയലിലെ അമ്ലത ക്രമീകരിക്കുന്നതിനായി കുമ്മായം വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ ആവശ്യമായ നെൽവിത്ത് സൗജന്യമായി നൽകി. നിലമൊരുക്കൽ, നടീൽ, കളപറിക്കൽ, കൊയ്ത്ത് എന്നിവയ്ക്കുള്ള യന്ത്രോപകരണങ്ങളും സാമ്പത്തിക സഹായവും നൽകുകയുണ്ടായി. തൊഴിൽസേന രൂപീകരിച്ച് അവർക്ക് കാർഷിക പരിശീലനവും യൂണിഫോമും, ഹെൽത്ത്/ഇൻഷ്വറൻസ് പരിരക്ഷയും നൽകി. ജൈവവളം പ്രോത്സാഹിപ്പിക്കുന്നതിനും പാൽ ലഭ്യതയ്ക്കും വേണ്ടി പശുവിനെ വാങ്ങുന്നതിനും ആല നിർമ്മിക്കുന്നതിനുമായി 68 കർഷകർക്ക് ധനസഹായം നൽകുകയുണ്ടായി.

(ബി) പ്രസ്തുത പദ്ധതികൾക്കായി കാട്ടാമ്പള്ളി ഏജൻസി ഫണ്ട്, ഭക്ഷ്യ സുരക്ഷാ ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട്, ആർ.കെ.വി.വൈ. ഫണ്ട് എന്നിവയിലായി ആകെ 1,47,24,017 രൂപ ഈ പ്രദേശത്ത് ചെലവഴിച്ചു.

(സി) ഇതുവരെ തരിശായി കിടന്ന കൈപ്പാട് നെൽവയലുകളിൽ നിന്ന് ഹെക്ടറിന് രണ്ട് ടൺ വീതം 2 വർഷങ്ങളിലായി ആകെ 601 ഹെക്ടറിൽ നിന്നും 1202 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ഡി) നിലവിൽ കർഷകർക്ക് നൽകിക്കൊണ്ടിരിക്കുന്ന രീതിയിൽ വിത്ത്, നിലമൊരുക്കൽ, നടീൽ എന്നിവയ്ക്കുള്ള ആനുകൂല്യങ്ങൾ തുടർന്നും നൽകുന്നതാണ്. അനുമതി കിട്ടിയ, അടിസ്ഥാന സൗകര്യങ്ങൾക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്. കാർഷിക യന്ത്രോപകരണങ്ങൾ ആവശ്യമുള്ള പാടശേഖര സമിതികൾക്ക് നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. മൂന്നാംഘട്ടത്തിൽ (2011-12) കാട്ടാമ്പള്ളി പദ്ധതി മേഖലയിലെ ബാക്കിയുള്ള 204 ഹെക്ടർ തരിശു നിലങ്ങളിലേക്കും കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൃഷി വകുപ്പ് പള്ളിരുത്തി നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള പദ്ധതിപ്രവർത്തനങ്ങൾ

233 (1203) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പും അതിന്റെ വിവിധ ഏജൻസികളും പള്ളിരുത്തി നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള പദ്ധതിപ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.